# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3091

15.2.2013- ൽ
മറുപടിക്ക്

## കയർ ക്രയവില സ്ഥിരതാ പദ്ധതി

| ചോദ്യം<br><br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര രൂപയുടെ കയറുൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സംഭരിച്ചുനൽകി എന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 ൽ 50 കോടി രൂപയുടേയും 2012-13 ൽ (11.02.13 വരെ) 46.09 കോടി രൂപയുടേയും കയറുല്പന്നങ്ങൾ കയർ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയറ്റുമതിക്കാർക്ക് സംഭരിച്ചു നൽകിയിട്ടുണ്ട്. |
| (ബി)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയ്ക്കുള്ള കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തുവെന്നും, കയറ്റുമതി ചെയ്ത കയർ ഉൽപന്നം, അളവ്, തുക, രാജ്യം എന്നിവ സഹിതം വിശദമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും കയറ്റുമതി ചെയ്ത കയറുൽപ്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സ്ഥാപനം | കയറ്റുമതി ചെയ്ത ഉൽപ്പന്നം | അളവ് | തുക (ലക്ഷത്തിൽ) | രാജ്യം |
|---|---|---|---|---|
| കയർ കോർപ്പറേഷൻ | ടഫ്റ്റഡ് കയർ മാറ്റ് | 20.790/$m^2$ | 87.00 | ബ്രസീൽ |
| കയർഫെഡ് | കയർ ഡോർമാറ്റ്, മെത്ത | 1470.45 qtl. | 217.89 | ലിബിയ, യു.എ.ഇ. |
| ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് | ഹാൻസ്പൻ ജൂട്ട്, റബ്ബർ ബാക്ക്ഡ് കയർ മാറ്റ്, റബ്ബർ ഹോളോ മാറ്റ്, PVC ബാക്ക്ഡ് കയർ മാറ്റ് | | 64.36 | ഓസ്ട്രേലിയ, യു.കെ., ബഹ്റിൻ, യു.എസ്.എ. |

| | |
|---|---|
| (സി)ക്രയവില സ്ഥിരതാ പദ്ധതിയിൽ നിന്നും കയറ്റുമതിക്കാർ ഉൽപന്നങ്ങൾ സംഭരിക്കുന്നത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? | (സി) ഉണ്ട്. കയറ്റുമതിക്കാർ ക്രയവില സ്ഥിരതാപദ്ധതിയിലൂടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത് കുറഞ്ഞു വരുന്നതിന് പ്രധാനമായും ചൂണ്ടിക്കാട്ടുന്നത് ഉൽപ്പന്നങ്ങളുടെ വിലക്കൂടുതൽ ആണ്. അസംസ്കൃത വസ്തുക്കളുടെ വില താരതമ്യേന കുറഞ്ഞതിനെത്തുടർന്ന് പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീമിന്റെ (പി. പി. എസ്.എസ്) ഗ്രീവൻസ് കമ്മറ്റി കൂടുകയും 09/05/2012 ന് ശേഷം സംഭരിക്കുന്ന തടുക്കുകൾക്ക് 5% വും മാറ്റിംഗിന് 5.50 % വും വില കുറയ്ക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ ഒരു സാഹചര്യം കയറ്റുമതിക്കാർ പ്രയോജനപ്പെടുത്തുമെന്നും കൂടുതൽ ഉൽപ്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സംഭരിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ